**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4019** **15-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ മേൽമുറി നോർത്ത് ഗവ.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2014 -15 ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും അമ്പത് ലക്ഷം രൂപ അനുവദിച്ച മലപ്പുറം നിയോജക മണ്ഡലത്തിലെ മേൽമുറി നോർത്ത് ഗവ.എൽ..പി. സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി നിലച്ചിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കോൺട്രാക്ടർക്ക് 1st & part bill പ്രകാരമുള്ള തുക നൽകുകയും പൂർത്തീകരിച്ച ബാക്കി പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ measurement book ഉം Final bill ഉം ലഭ്യമാക്കാത്തതിനാൽ കോൺട്രാക്ടർക്ക് ഫൈനൽ ബിൽ നൽകിയിട്ടില്ല. ചില പ്രവൃത്തികൾ Sanctioned എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ ചെയ്തതിനാലും ചില എക്സ്ട്രാ പ്രവൃത്തികൾ ചെയ്തതിനാലും ആവശ്യമായി വന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാത്തതിനാൽ ആയതിനു അംഗീകാരം നൽകിയിട്ടില്ല. |
| (ബി) | സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് ശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നും പഠനത്തിനായി ക്ലാസ് മുറികൾ എന്നത്തേക്ക് സജ്ജമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | Sanctioned എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ ചില എക്സ്ട്രാ പ്രവൃത്തികൾ കോൺട്രാക്ടർ ചെയ്തിട്ടുള്ളതിനാൽ നിലവിലുള്ള എഗ്രിമെന്റ് പ്രകാരം പ്രസ്തുത സൈറ്റിൽ ബാക്കിയുള്ള പ്രവൃത്തികൾ ചെയ്യുവാൻ കഴിയില്ല. ബാക്കിയുള്ള പ്രവൃത്തികൾ പുതിയ പ്രവൃത്തിയായി പൂർത്തീകരിക്കേണ്ടതുണ്ട് ഇതിനായി ഫണ്ട് ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ വിളിച്ച് പ്രവൃത്തി പൂർത്തീകരിക്കുവാൻ ഏകദേശം മൂന്ന് മാസം സമയം വേണ്ടിവരും. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ (എൽ.ഐ.ഡി. ആൻഡ് ഇ.ഡബ്ല്യൂ) വകുപ്പ് ചീഫ് എഞ്ചിനീയറുടേയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും പരിഗണനയിലുള്ള ഫയലുകൾ എന്നത്തേക്ക് തീർപ്പാക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | 2nd & Final bill ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ